പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1135

02-05-2017 ൽ മറുപടിക്ക്

## കാർഷിക വായ്പകൾ എഴുതിതള്ളണമെന്നാവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ

ചോദ്യം

ശ്രീ.പി. ഉണ്ണി

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) സംസ്ഥാനത്തെ കാർഷിക വായ്പകൾ എഴുതിതള്ളണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; | (എ) | നിലവിൽ പരിഗണനയിലില്ല. |
| ബി) കാർഷിക വായ്പകൾ എഴുതിതള്ളണമെന്നാവശ്യപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അപേക്ഷകൾ ലഭിച്ചു ; അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കാർഷിക വായ്പകൾ എഴുതിതള്ളണമെന്നാവശ്യപ്പെട്ട് സർക്കാരിൽ 3 അപേക്ഷകൾ ലഭിച്ചിരുന്നു. അപേക്ഷകളുടെ പകർപ്പുകൾ റിപ്പോർട്ടിനായി വായ്പ അനുവദിച്ച ബാങ്കുകൾക്കും എസ്.എൽ.ബി. സി-ക്കും അയച്ചുകൊടുത്തിട്ടുണ്ട്. |
| സി) കൃഷി ഉപജീവനമാർഗ്ഗമായിട്ടുള്ളവരെ കാർഷിക രംഗത്ത് ഉറപ്പിച്ചുനിറുത്തുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ? | (സി) | കൃഷി ഉപജീവനമാർഗ്ഗമായിട്ടുള്ളവരെ കാർഷിക രംഗത്ത് ഉറപ്പിച്ചുനിറുത്തുന്നതിനുവേണ്ടി താഴെ പറയുന്ന നൂതന പദ്ധതികളും തുടർ പദ്ധതികളും നടപ്പിലാക്കിവരുന്നു.<br>1. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും<br>2. നെല്ല് വികസനം<br>3. പച്ചക്കറി വികസനം<br>4. പയറുവർഗ്ഗങ്ങളുടെയും കിഴങ്ങുവർഗ്ഗങ്ങളുടെയും വികസനം<br>5. പ്രാദേശിക വിളകളുടെ വികസനം<br>6. പഴവർഗ്ഗങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും പൂക്കളുടെയും വികസനം<br>7. നാളികേര വികസനം<br>8. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ |

| | | |
|---|---|---|
| | | 9. മാനവ വിഭവ സഹായം<br>10. കാർഷിക വിജ്ഞാന വ്യാപനവും വാർത്താ വിനിമയവും<br>11. വിള ഇൻഷ്വറൻസ്<br>12. പ്രകൃതിക്ഷോഭം അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി<br>13. ലബോറട്ടറികളുടെ ആധുനീകരണം<br>14. സുഗന്ധവ്യഞ്ജന വികസനം<br>15. ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉത്പാദനം<br>16. കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും<br>17. മണ്ണ് ആരോഗ്യ പരിപാലവും ഉത്പാദന ക്ഷമത ഉയർത്തലും<br>18. ഹൈടെക് അഗ്രികൾച്ചർ<br>19. വിള ആരോഗ്യ പരിപാലനം<br>20. വിപണനം, സംഭരണം, സൂക്ഷിക്കലും, വിതരണവും<br>21. ആർഐ.ഡി.എഫ് പദ്ധതികൾ<br>22. മൂല്യവർദ്ധനവ്<br>23. കാർഷിക ക്ഷേമനിധി ബോർഡ്<br>24. കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ ഓഹരി മൂലധനം<br>25. വയനാട് പാക്കേജ്<br>26. പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും<br>27. സംയോജിത കാർഷിക കേന്ദ്രം |

സെക്ഷൻ ഓഫീസർ